# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/240/2016 പത്രക്കുറിപ്പ് 2016 നവംബർ 9

**അപേക്ഷാ തീയതി നീട്ടി**

ബാങ്കിംഗ് മേഖലയിൽ താത്കാലികമായി സംജാതമായിരിക്കുന്ന തടസ്സങ്ങൾ പരിഗണിച്ച് എം.ജി സർവ്വകലാശാലയിൽ നവംബർ 9 വരെ പിഴയില്ലാതെയും, 50 രൂപ പിഴയോടുകൂടി 10 വരെയും സമർപ്പിക്കേണ്ടിയിരുന്ന വിവിധ പരീക്ഷകൾക്കുള്ള അപേക്ഷകൾ പിഴയില്ലാതെ നവംബർ 15 വരെയും, 50 രൂപ പിഴയോടെ 16 വരെയും സമർപ്പിക്കാം. നവംബർ 9 മുതൽ 15 വരെയുള്ള തീയതികളിൽ 500 രൂപ സൂപ്പർഫൈനോടുകൂടി സമർപ്പിക്കേണ്ട വിവിധ അപേക്ഷകൾ 500 രൂപ സൂപ്പർഫൈനോടെ നവംബർ 18 വരെ സമർപ്പിക്കാം.

**പരീക്ഷാ തീയതി**

രണ്ടാം സെമസ്റ്റർ എം.എസ്.സി സ്പെയ്സ് സയൻസ് ആന്റ് ടെക്നോളജി (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ നവംബർ 29 മുതൽ നടത്തും. അപേക്ഷകൾ പിഴകൂടാതെ നവംബർ 17 വരെയും 50 രൂപ പിഴയോടെ 18 വരെയും 500 രൂപ സൂപ്പർഫൈനോടെ 21 വരെയും സ്വീകരിക്കും.

നാലാം വർഷ ബി.ഫാം (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഡിസംബർ 2ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ നവംബർ 17 വരെയും 50 രൂപ പിഴയോടെ 18 വരെയും 500 രൂപ സൂപ്പർഫൈനോടെ 22 വരെയും സ്വീകരിക്കും. അപേക്ഷകർ ഓരോ പേപ്പറിനും 20 രൂപ വീതം (പരമാവധി 100 രൂപ) സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം.

മൂന്നാം വർഷ ബി.ഫാം (സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ നവംബർ 29ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ നവംബർ 17 വരെയും 50 രൂപ പിഴയോടെ 18 വരെയും 500 രൂപ സൂപ്പർഫൈനോടെ 21 വരെയും സ്വീകരിക്കും. റഗുലർ അപേക്ഷകർ 100 രൂപയും വീണ്ടുമെഴുതുന്നവർ ഓരോ പേപ്പറിനും 20 രൂപ വീതം (പരമാവധി 100 രൂപ) സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം.

**പ്രാക്ടിക്കൽ പരീക്ഷ**

അഞ്ചാം സെമസ്റ്റർ ബി.എസ്.സി ബയോടെക്നോളജി, മൈക്രോബയോളജി (സി.ബി.സി.എസ്.എസ് – റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ യഥാക്രമം നവംബർ 9, 16 തീയതികളിൽ വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കും.

**ത്രിവൽസര എൽ.എൽ.ബി പ്രവേശനം**

എം.ജി സർവ്വകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ പുതിയ ബാച്ച് ത്രിവൽസര എൽ.എൽ.ബി (4 പി.എം – 9 പി.എം) വിദ്യാർത്ഥികൾ തങ്ങളുടെ പ്രവേശനം ഇന്ത്യൻ ബാർ കൗൺസിലന്റെ നിബന്ധനകൾക്ക് വിധേയമായിരിക്കുമെന്നും ബാർ കൗൺസിൽ നിർദ്ദേശിക്കുന്ന നിശ്ചിത പ്രായപരിധി കഴിയുകയായണെങ്കിൽ അഭിഭാഷകരായി പ്രാക്ടീസ് ചെയ്യാൻ ഉദ്ദേശിക്കുന്നില്ല എന്നും കാണിച്ച് സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. ബാർ കൗൺസിലുമായി ബന്ധപ്പെട്ട് തുടർ നടപടികൾക്ക് പ്രൊ വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

**എം.എസ്: അപേക്ഷാ തീയതി നീട്ടി**

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റൻസീവ് റിസെർച്ച് ഇൻ ബേസിക് സയൻസിന്റെ (ഐ.ഐ.ആർ.ബി.എസ്) ഫെലോഷിപ്പോടുകൂടി പഞ്ചവൽസര ഇന്റേഗ്രേറ്റഡ് മാസ്റ്റർ ഓഫ് സയൻസ് പ്രോഗ്രാമിലേക്കുള്ള അപേക്ഷകൾ നവംബർ 11ന് 5 മണി വരെ സ്വീകരിക്കും. പ്ലസ്ടുവിന് (സയൻസ്) 55 ശതമാനത്തിൽ കുറയാതെ മാർക്ക് ലഭിച്ചിട്ടുള്ള സയൻസിലും തുടർ ഗവേഷണത്തിലും പ്രത്യേക താൽപര്യമുള്ള വിദ്യാർത്ഥികൾക്ക്

അപേക്ഷിക്കാം. എഴുത്ത് പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ് പ്രവേശനം. കൂടുതൽ വിവരങ്ങൾക്ക് വെബ് സൈറ്റ്: www.iirbsmgu.com. ഫോൺ: 0481-2732992.

## മൂല്യനിർണ്ണയം: ബിരുദ ക്ലാസുകൾക്ക് അവധി

മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ അഞ്ചും മൂന്നും സെമസ്റ്റർ ബിരുദ പരീക്ഷകളുടെ (സി.ബി.സി.എസ്.എസ്) മൂല്യനിർണ്ണയ ക്യാമ്പുകൾ നവംബർ 14 മുതൽ 27 വരെ നടക്കും. ക്യാമ്പുകളിൽ അദ്ധ്യാപകരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി നവംബർ 16 മുതൽ 25 വരെ സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് ആർട്സ് ആന്റ് സയൻസ് കോളജുകളിലെ ബിരുദ ക്ലാസുകൾക്ക് അവധിയായിരിക്കും. മൂല്യനിർണ്ണയത്തിൽ നിയമനം കിട്ടിയ എല്ലാ അദ്ധ്യാപകരുടെയും ക്യാമ്പിലെ പങ്കാളിത്തം ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ ഉറപ്പാക്കേണ്ടതാണ്.

## കോളജ് അദ്ധ്യാപക സംഘടനാ നേതാക്കളുടെ യോഗം 11ന്

മൂല്യനിർണ്ണയ ക്യാമ്പുകളുടെ സുഗമമായ നടത്തിപ്പ് സംബന്ധിച്ച ചർച്ചകൾക്കായി എം.ജി സർവ്വകലാശാലയിലെ അഫിലിയേറ്റഡ് ഗവൺമെന്റ്/സ്വകാര്യ കോളജ് അദ്ധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗം നാളെ (വെള്ളി) രാവിലെ 11 മണിക്ക് സർവ്വകലാശാല സിൻഡിക്കേറ്റ് ഹാളിൽ വച്ച് നടത്തും.

## എം.ജിയിൽ രാജ്യാന്തര സെമിനാർ

"ഇന്ത്യയും ചൈനയും പുതിയ സിൽക്റോഡ് ഉയർത്തുന്ന വെല്ലുവിളികളും സാധ്യതകളും" എന്ന വിഷയത്തെ അധികരിച്ച് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അന്താരാഷ്ട്ര സമ്മേളനം നടക്കുന്നു. യു.ജി.സി. മേഖലാ പഠന സ്ഥാപനമായ ചൈനാപഠനകേന്ദ്രവും രാജ്യാന്തര പഠനവകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന സമ്മേളനം നവംബർ 11-12 തീയതികളിൽ കോട്ടയം ഫെയർമോണ്ട്-ഇന്ദ്രപ്രസ്ഥം ഹാളിൽ നടക്കും. ഇന്ത്യയിലും വിദേശത്തും നിന്നുമായി നിരവധി പണ്ഡിതരും വിദഗ്ദ്ധരും പങ്കെടുക്കുന്ന സമ്മേളനം പുതിയ സിൽക്ക് റോഡ് ഉയർത്തുന്ന രാജ്യാന്തര-മേഖലാ സാഹചര്യങ്ങളെ വിലയിരുത്തും. ചൈനയുടെ "വൺ റോഡ്, വൺ ബെൽറ്റ്"പദ്ധതി ഏഷ്യൻ സാമ്പത്തിക രംഗത്തും സുരക്ഷാമേഖലയിലും സൃഷ്ടിക്കുന്ന പ്രശ്നങ്ങളേയും ഇന്ത്യയുടെ തന്ത്രപരമായ പ്രതികരണങ്ങളേയും വിദഗ്ദ്ധർ പരിശോധിക്കും.

ദ്വിദിന സമ്മേളനം നവംബർ 11-ന് രാവിലെ വൈസ്-ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യും. മുഖ്യപ്രഭാഷണങ്ങൾ നടത്തുന്നത് ദില്ലിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ചൈനീസ് സ്റ്റഡീസ് മേധാവി ഡോ. അൽക്ക ആചാര്യയും ചൈനയിലെ ഷീചൂവാൻ അക്കാദമി ഓഫ് സോഷ്യൽ സയൻസസിന്റെ ഉപാദ്ധ്യക്ഷൻ പ്രൊഫ. ലീ മിൻഗ്വയനുമാണ്.

കൽക്കട്ട സെന്റർ ഫോർ ഇന്റർനാഷണൽ സ്റ്റഡീസിലെ പ്രൊഫ. ബിനോദ് മിത്ര, ഷീചൂവാൻ അക്കാദമിയിലെ ഡോ. യോ ഷോമീൻ, ഡോ. ഷെൻ ജിസിയാം, ഷെൻഷൻ അക്കാദമിയിലെ ഡോ. ജിയാൻബോ സൂ, മദ്രാസ് ഐ.ഐ.ടി.യിലെ ഡോ. വീണാ രാമചന്ദ്രൻ, ചൈനാ ഫോറിൻ യൂണിവേഴ്സിറ്റിയിലെ ഡോ. നീ വെൻചൂയൻ, സൺയാത്സൺ യൂണിവേഴ്സിറ്റിയിലെ ഡോ. ഹുയാംഗ് യിയാൻഗോങ്, ജവഹർലാൽ നെഹ്റു സർവ്വകലാശാലയിലെ ഡോ. ടി.ജി. സുരേഷ്, ഡോ. കെ. ബി. ഉഷ, ഗുജറാത്ത് കേന്ദ്ര സർവ്വകലാശാലയിലെ ഡോ. സഞ്ജയ് ഝാ, ബനാറസ് സർവ്വകലാശാലയിലെ ഡോ. തേജ് പ്രതാപ് സിംഗ് തുടങ്ങിയവർ പങ്കെടുക്കും. നവംബർ 12-ന് വൈകുന്നേരം സമാപന സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുന്നത് ജവഹർലാൽ നെഹ്റു സർവ്വകലാശാലിയിലെ ചൈനീസ് പഠന മേധാവി ഡോ. ശ്രീകാന്ത് കൊണ്ടപ്പള്ളിയാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)